## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6422 31.10.2011-ൽ മറുപടിക്ക്

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.അച്ചുതൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | **(എ)** മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിൽ 14 ജില്ലാ ആഫീസുകളും മൂന്നു സ്ക്വാഡുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സോഫ്റ്റ്വെയർ എൻ.ഐ.സി തയ്യാറാക്കുന്നുണ്ട്. ഇ-ഗവേണൻസ് നടപ്പിലാകുമ്പോൾ ഖനനാനുമതിക്കുള്ള അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കുവാനും കാലതാമസം ഒഴിവാക്കുവാനും സാധിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും ചെറുകിട ധാതുക്കളുടെ മാപ്പിംഗ് നടന്നുവരുന്നു. എട്ട് ജില്ലകളുടെ ചെറുകിട ധാതുക്കളുടെ മാപ്പും വിശദ വിവരങ്ങളും വകുപ്പിന്റെ വെബ്-സൈറ്റ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| **(ബി)** പരിസ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിക്കാതെ വളരെ എളുപ്പത്തിൽ ഖനന വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | **(ബി)** ധാതു പര്യവേഷണത്തിന്റെ ഭാഗമായി ഡ്രില്ലിംഗ്, പിറ്റിംഗ്, ട്രെൻച്ചിംഗ് എന്നീ ഗവേഷണ രീതികൾ അവലംബിക്കുന്നുണ്ട്. ഈ രീതികൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയല്ല. സാറ്റലൈറ്റ് ഇമേജറികളുപയോഗിച്ചുള്ള പഠനങ്ങൾ കൂടുതൽ വിവരശേഖരത്തിനു സഹായിക്കുന്നുണ്ട്. |

| | |
|---|---|
| **(സി)** ധാതു പര്യവേഷണം പരിപാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്? | **(സി)**ധാതു പര്യവേഷണ പരിപാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി വകുപ്പിന്റെ രാസ പരിശോധനശാല, രത്നക്കൽ പരിശോധന ശാല, ജി.ഐ.എസ് ലാബ് എന്നിവ ശക്തിപ്പെടുത്തുന്നതിനും ഡ്രില്ലിംഗ് റിഗ്ഗുകൾ, വാഹനങ്ങൾ, ജി.പി.എസ്, റെസിസ്റ്റിവിറ്റി മീറ്റർ. പോർട്ടബിൾ ടെസ്റ്റിംഗ് കിറ്റ്സ് മുതലായവ വാങ്ങി ധാതു പര്യവേഷണ പരിപാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആസൂത്രണം ചെയ്തി ട്ടുണ്ട്.<br><br>**സെക്ഷൻ ഓഫീസർ** |